**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

20.03.2012 ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1152

**ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിലെ മലിനീകരണനിവാരണപദ്ധതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**റവന്യൂവും വിജിലൻസും വകുപ്പ് മന്ത്രി** |
| (എ). ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിൽ 256 കോടി രൂപ ചെലവിൽ മലിനീകരണനിവാരണപദ്ധതി നടപ്പാക്കുന്നതിനുള്ള കരാർ 'മെക്കോൺ' എന്ന കമ്പനിക്ക് നൽകിയതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; | (എ) വി.ഇ.16/2011/എസ്.ഐ.യു നമ്പരിൽ ഒരു വിജിലൻസ് അന്വേഷണം നടന്നു വരുന്നു. |
| (ബി) മലിനീകരണനിവാരണപദ്ധതി മെക്കോൺ കമ്പനിക്ക് നൽകാൻ തീരുമാനിക്കുമ്പോൾ മുഖ്യമന്ത്രിയും, ആരോഗ്യവകുപ്പ് മന്ത്രിയും ആരൊക്കെ ആയിരുന്നു; | (ബി) (സി) (ഡി) (ഇ) (എഫ്) വിജിലൻസ് അന്വേഷണം നടന്നു വരുകയും, വിജിലൻസ് കോടതി അന്വേഷണ പുരോഗതി ഇടയ്ക്കിടെ വിലയിരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| (സി) മെക്കോണിൻ നൽകിയ പദ്ധതിയിൽ മലിനീകരണനിയന്ത്രണബോർഡ് എന്തെല്ലാം നിലയിലുള്ള എതിർപ്പുകളായിരുന്നു അന്ന് രേഖപ്പെടുത്തിയിരുന്നത്; അന്ന് മലിനീകരണനിയന്ത്രണ | |

ബോർഡിന്റെ ചുമതലയുണ്ടായിരുന്ന മന്ത്രിയിൽനിന്നും പ്രസ്തുതവകുപ്പ് എടുത്തുമാറ്റുകയുണ്ടായോ ;

(ഡി) 256 കോടി രൂപയുടെ കരാർ തുക 414 കോടി രൂപയായി ഉയർന്നുവെന്ന് മെക്കോൺ കമ്പനി സംസ്ഥാനസർക്കാരിനെ അറിയിച്ചിരുന്നത് എന്നായിരുന്നു;

(ഇ) മെക്കോണിനു നൽകിയ പ്രസ്തുത പദ്ധതി സാമ്പത്തികമായി ടൈറ്റാനിയം കമ്പനിക്ക് ഗുണകരമാണോ എന്നത് സംബന്ധിച്ച കിറ്റ്കോയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എന്നാണ് ;

(എഫ്) ഈ കേസ് സി.ബി.ഐ. അന്വേഷിക്കണം എന്ന ആവശ്യം കേന്ദ്രസർക്കാർ നിരസിക്കാനിടയായ സാഹചര്യം എന്തായിരുന്നു?

സെക്ഷൻ ഓഫീസർ